## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 78** 08.02.2016 **ൽ മറുപടിക്ക്.**

## കെ.എസ്.എഫ്.ഇ യെ ശക്തിപ്പെടുത്താൻ കർമ്മ പദ്ധതി

| ചോദ്യം<br>ശ്രീ.ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.എം.എ. വാഹീദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.എഫ്.ഇ യെ ശക്തിപ്പെടുത്തുന്നതിന് കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | കെ.എസ്.എഫ്.ഇ യുടെ നിക്ഷേപം ഇത് മൂലം എത്ര കണ്ട് വർദ്ധിക്കുകയുണ്ടായി; | ബി) | ചിട്ടി ബിസിനസ്സ് 31.03.2011ൽ 626 കോടി രൂപയായിരുന്നത് ഇപ്പോൾ 1426 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട് (128%വർദ്ധനവ്). വിവിധ വായ്പാ പദ്ധതികളിലായി 31.03.11ൽ 1711 കോടി രൂപ വായ്പ നൽകിയിരുന്ന സ്ഥാനത്ത് ഇപ്പോൾ ഇത് 3762 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട് (120%വർദ്ധനവ്). നിക്ഷേപ പദ്ധതികൾ 31.03.11 വരെ 3110 കോടി രൂപ ആയിരുന്നത് ഇപ്പോൾ 8191 കോടി രൂപയായി വർദ്ധിച്ചു. (163%വർദ്ധനവ്). കമ്പനിയുടെ മൊത്തം ബിസിനസ്സ് ടേണോവർ 2010-11ൽ 12333 കോടി രൂപ ആയിരുന്നത് ഇപ്പോൾ 28337 കോടി രൂപ ആയി വർദ്ധിച്ചു (130%വർദ്ധനവ്) 31.03.2011ൽ 366 ശാഖകൾ |

| | | | |
|---|---|---|---|
| | | | ആയിരുന്നത് ഇപ്പോൾ 545 ആയി ഉയർന്നിട്ടുണ്ട്.<br>2010-11ൽ കമ്പനിയുടെ ലാഭം 52 കോടിയായിരുന്നത് ഇപ്പോൾ 209 കോടിരൂപയായി വർദ്ധിച്ചു. 2010-11ൽ കമ്പനിയുടെ അറ്റാസ്തി 191 കോടി രൂപയായിരുന്നത് ഇപ്പോൾ 476 കോടി രൂപയായി വർദ്ധിച്ചു. |
| സി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്? | സി) | ചിട്ടി ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനായി സമ്മാനാധിഷ്ഠിത ചിട്ടി പദ്ധതികൾ നടപ്പാക്കി യിട്ടുണ്ട്.<br>വായ്പാ ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിന് വേണ്ടി വായ്പാമേളകൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**